(ബി) ഈ കനാലിന്റെ ടെയ്ലെന്റിൽ വെള്ളം എത്തിക്കുന്നതിനുള്ള അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ കനാലിന്റെ ടെയിലെന്റിൽ വെള്ളം എത്തുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം മെയിന്റനൻസിനായി 75000 രൂപയാണ് ചെലവാക്കിയത്. ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ 60,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്.

78 (2769) കേന്ദ്ര ജല കമ്മിഷന്റെ പ്രവർത്തനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജല കമ്മിഷനിൽ കേരളത്തിന്റെ പ്രതിനിധികൾ ആരൊക്കയാണ്;

(ബി) പ്രസ്തുത കമ്മിഷന്റെ പ്രവർത്തനം കേരളത്തിലെ ജലസേചന പദ്ധതികൾക്ക് സഹായകമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ പ്രതിനിധികൾ ആരും ഇല്ല.

(ബി) കേന്ദ്ര ജല കമ്മിഷന്റെ പ്രവർത്തനം സംസ്ഥാനത്തെ ജലസേചന പദ്ധതികൾക്ക് സഹായകമാണ്.

79 (2770) നേമം നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വാട്ടർ സപ്ലൈ സ്കീം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ വാട്ടർ സപ്ലൈ സ്കീം പണി തുടങ്ങിയത് ഏതു വർഷത്തിലാണ്;

(ബി) ഈ പദ്ധതി തുടങ്ങുമ്പോൾ നിശ്ചയിച്ചിട്ടുള്ള അടങ്കൽ തുക എത്രയാണ്;

(സി) ഇതുവരെ ഈ പദ്ധതിക്ക് വേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ഡി) പദ്ധതി കമ്മിഷൻ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തോ ബന്ധപ്പെട്ട മറ്റ് ജല പ്രതിനിധികളോ സർക്കാരോ അറിയാതെ കമ്മിഷൻ ചെയ്തിട്ടുള്ളതായി ആരെങ്കിലും തെറ്റായ വിവരം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly